# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2262      09.03.2018-ൽ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്കായി പുതിയ സംരംഭങ്ങൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | ഈ സർക്കാർ പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്ക സമുദായ വിഭാഗങ്ങളിൽപ്പെട്ട യുവാക്കൾക്ക് ജീവിതയോധനത്തിനായി ആരംഭിച്ച പുതിയ സംരംഭങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>1. അഭ്യസ്തവിദ്യരും,തൊഴിൽരഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധകോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ വഴി നടത്തിവരുന്നു.<br>2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി/ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നീ കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി KAICO യുമായി ബന്ധപ്പെട്ട് നടത്തി വരുന്നു.<br>3. സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവാക്കൾക്ക് സംരംഭകത്വ പരിശീലനവും നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി സൗകര്യമൊരുക്കുകയും ചെയ്തു വരുന്നു. ഇവർക്ക് Revolving Fund നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.<br>4. പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പാക്കുന്നതിനായി പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് എന്ന പദ്ധതി നടപ്പാക്കുന്നു.<br>5. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി<br>6. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതി യുവാക്കൾക്ക് വകുപ്പ് മുഖേന 1 ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.<br>7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 134 യുവതി യുവാക്കളെ കരാർ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ടു വർഷത്തേയ്ക്ക് നിയമിക്കുന്ന പദ്ധതി.<br><br>കൂടാതെ പട്ടികജാതി യുവതി യുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് എന്നിവയിലുള്ള പരിശീലനം, വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം എന്നിവയും ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗിലുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗും, ഓയിൽ ആന്റ് റിഗ് സ്കിൽ പ്രോഗ്രാം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് & ഫിനാൻഷ്യൽ |

സർവ്വീസസ് കോഴ്സ്, ഫിസിയോതെറാപ്പിയിൽ സ്കിൽ ഡെവലപ്പ്മെന്റ് കോഴ്സ് എന്നിവയും വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വിഭാഗത്തിലെ അഭ്യസ്ത വിദ്യരായ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്. വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐകളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്കുവേണ്ടി തൊഴിൽ മേള സംഘടിപ്പിക്കുകയും, വിവിധതരം തൊഴിലധിഷ്ഠിത കോഴ്സുകൾ, ഡിപ്ലോമാ കോഴ്സുകൾ, നൈപുണ്യ വികസന പദ്ധതികൾ, സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികളും നടപ്പിലാക്കി വരുന്നു.

**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**

പട്ടികവർഗത്തിൽപ്പെട്ട പുതിയ തൊഴിൽ സംരംഭകർക്കുവേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- 2016-17 വർഷം മുതൽ 'ഗോത്രജീവിക' എന്ന പദ്ധതിപ്രകാരം തൊഴിൽ രഹിതരെ കണ്ടെത്തി 1170 പേരെ കെട്ടിടനിർമ്മാണ മേഖലയുൾപ്പെടെ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാകുന്നതുവരെയുള്ള സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തിയിട്ടുണ്ട്.

- നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ.
- കെൽട്രോൺ
- സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി
- ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്.

ഇതിനുപുറമെ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. മിൽമ
2. കുടുംബശ്രീ
3. മീറ്റ് പ്രോഡക്ടസ് ഓഫ് ഇന്ത്യ ലിമിറ്റഡ്.

| | | | |
|---|---|---|---|
| | | | **കോർപ്പസ് ഫണ്ടിൽനിന്നും ധനസഹായം അനുവദിച്ച് നൽകുന്ന പദ്ധതികൾ**<br>• കുടനിർമ്മാണം<br>• മത്സ്യ കച്ചവടം<br>• ബേക്കറി<br>• തുണിക്കട<br>• കോഫീബാർ<br>• യന്ത്രവൽകൃത പുൽവെട്ടൽ<br>• യന്ത്രവൽകൃത പാൽകറവ<br>• റബ്ബർ റോളർ വിതരണം<br>• പെട്ടിക്കടകൾ<br>• പന്നി വളർത്തൽ<br>**എസ്.സി.എ ടു ടി.എസ്.പി നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ**<br>• യന്ത്രവൽകൃത തെങ്ങുകയറ്റം<br>• യന്ത്രവൽകൃത കോൺക്രീറ്റ് കട്ടിംഗ്<br>• യന്ത്രവൽകൃത കൃഷി, തയ്യൽ<br>• ഗാർമെന്റ് ആന്റ് ടെയിലറിംഗ് യൂണിറ്റ്<br>• ഡയറി ഡെവലപ്മെന്റ് യൂണിറ്റ്<br>• ഫോട്ടോസ്റ്റാറ്റ് മെഷീൻ<br>• തൊഴിൽ, സംഗീത ഉപകരണങ്ങൾ<br>• യന്ത്രവൽകൃത കള പറിക്കൽ<br>• ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്<br>• ഹെവി മോട്ടോർ ഡ്രൈവിംഗ്<br>• കയർ ഉത്പാദനം<br>• യന്ത്രവൽകൃത മരംവെട്ട് |

| | | | |
|---|---|---|---|
| | | | • ഫാഷൻ ടെക്നോളജി<br>• കമ്പ്യൂട്ടർ ട്രെയിനിംഗ്<br>• ഹാർച്ചറി യൂണിറ്റ്<br>• യന്ത്രവൽകൃത കവുങ്ങ് (അടക്ക) കയറ്റം<br>• മെഴുകുതിരി നിർമ്മാണം<br>• കലാപരമായ ഉൽപ്പന്നങ്ങൾ<br>• ഫർണിച്ചർ ഉത്പാദനം. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും 2015-16, 2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ച വായ്പ, സംരംഭങ്ങൾ സബ്സിഡി എന്നിവയുടെ വിശദാംശങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കാമോ; | (ബി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 വയസ്സിനും 40 വയസ്സിനുമിടയിൽ പ്രായമുള്ള യുവതിയുവാക്കാൾക്ക് 3 ലക്ഷം രൂപവരെയുള്ള സ്വയം തൊഴിൽ വായ്പകൾക്ക് ഒരു ലക്ഷം രൂപവരെ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട് മുൻവർഷങ്ങളിൽ നൽകിയ സബ്സിഡി സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം I)<br><br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ പദ്ധതിയ്ക്കായി തിരിച്ചടയ്ക്കാത്ത വായ്പയാണ് നൽകുന്നത്. സബ്സിഡിയായി പ്രത്യേക തുക അനുവദിക്കാറില്ല. 2015–16 ൽ വായ്പ അനുവദിക്കുകയും 2016–17 ലും 2017–18 ലും നൈപുണ്യ വികസനം വഴി പുതിയ മേഖലകൾ തെരഞ്ഞെടുക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സന്നദ്ധരാക്കുകയും ചെയ്തിട്ടു്. ആയതിന്റെ വിശദവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത വിഭാഗങ്ങളിൽപ്പെടുന്ന സ്ത്രീകൾക്ക് സർക്കാർ ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>പട്ടികജാതി വനിതകളുടെ ക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു;<br>1) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75000/- രൂപ വിവാഹധനസഹായമായി അനുവദിച്ചു വരുന്നു<br>2) ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി പ്രകാരം ഭൂരഹിത-ഭവന രഹിതരായ ദുർബല സമുദായത്തിൽപ്പെട്ട സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതുൾപ്പെടെയുള്ള വികസന പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നു.<br>3) പട്ടികജാതി വിഭാഗം പെൺകുട്ടികൾക്കായി വകുപ്പിന് കീഴിൽ പ്രത്യേക പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും, എം.ആർ.എസുകളും പ്രവർത്തിച്ചു വരുന്നു.<br>4) പട്ടികജാതി വനിതകൾക്കായി അക്ഷരത് ട്രെയിനിംഗ്, ഗാർമെന്റ് മേക്കിംഗ്, ഓർണമെന്റ് മേക്കിംഗ്, |

| | | | |
|---|---|---|---|
| | | | വനിതാ സെക്യൂരിറ്റി പരിശീലനം തുടങ്ങിയ വിവിധ നൈപുണ്യ വികസന തൊഴിൽദായക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിലേയ്ക്ക് Human Resource Development scheme ന്റെ 40% ഫണ്ട് വകയിരുത്തിയിട്ടുണ്ട്<br>5) 80 ശതമാനമോ അതിലധികമോ പട്ടികജാതി വനിതകൾ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിച്ചു വരുന്നു.<br>6) പട്ടികജാതി കുടുംബങ്ങളിൽ ജനിക്കുന്ന പെൺകുട്ടികളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനും സുരക്ഷയ്ക്കുമായി LIC യുമായി സഹകരിച്ച് വാത്സല്യ നിധി എന്ന പേരിൽ ഒരു ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.<br>7) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരായ വനിതകൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്<br><br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>ഗോത്രജീവിക പദ്ധതി പ്രകാരം 170 പെൺകുട്ടികൾക്ക് നൈപുണ്യവികസനത്തിലൂടെ പ്രത്യേക പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുന്നു. ഇതിന് പുറമെ പെൺകുട്ടികൾക്കായി അപ്പാരൽ ട്രെയിനിംഗ് ആരംഭിച്ച് ഉത്പന്നാധിഷ്ഠിത വിപണന സാധ്യത ലഭ്യമാക്കുന്ന പരിശീലനത്തിനും പദ്ധതി ആയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വരുമാനാധിഷ്ഠിത പദ്ധതികളിൽ വനിതകൾക്കായി പരിഗണന നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

| ക്രമ നം. | വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2015-16 | 400 | 370.08 | 569 |
| 2 | 2016-17 | 400 | 389.08 | 542 |
| 3 | 2017-18 | 400 | 222.96 (Upto 31/01/2018) | 302 |

സെക്ഷൻ ഓഫീസർ

# അനുബന്ധം-II

| | Item wise amount to be alloted to each scheme | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Sl. No | Name of Office | Petty Shop/ Tea stall/Grossery shop/Auyrveda | Floria culture/ flower cultivation | Tailoring machine | Goat Unit | Poultry Farm | Cow rearing | Weed cutter/ Grass cutter/bush cutter/ wood cutter | Paiting/plumbing/carpentry tools/welding | Photography | Computer DTP/Photostat cente | Welding work mshop | Agricultrue Equipments |
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | Nedumangad | 250000 | 0 | 100000 | 100000 | 45000 | 0 | 75000 | 25000 | | 100000 | 0 | 0 |
| 2 | Punalur | 250000 | 25000 | 50000 | 60000 | 30000 | 0 | 0 | 75000 | | 0 | 0 | 20000 |
| 3 | Ranni | 150000 | 0 | 30000 | 100000 | 45000 | 150000 | 0 | 25000 | | 0 | 0 | 0 |
| 4 | Kanjirappally | 100000 | 25000 | 60000 | 0 | 30000 | 150000 | 0 | 0 | | 0 | 0 | 0 |
| 5 | Idukki | 250000 | 150000 | 200000 | 100000 | 75000 | 250000 | 50000 | 25000 | | 100000 | 0 | 200000 |
| 6 | Moovattupuzha | 150000 | 0 | 50000 | 20000 | 45000 | 100000 | 125000 | 0 | | 0 | 0 | 60000 |
| 7 | Chalakkudy | 250000 | 50000 | 50000 | 0 | 60000 | 250000 | 50000 | 0 | | 0 | 0 | 60000 |
| 8 | Palakkad | 250000 | 0 | 100000 | 200000 | 75000 | 0 | 100000 | 0 | | 100000 | 0 | 0 |
| 9 | Attapady | 150000 | 25000 | 150000 | 300000 | 0 | 250000 | 75000 | 0 | 200000 | 100000 | 500000 | 0 |
| 10 | Nilambur | 250000 | 0 | 80000 | 0 | 105000 | 350000 | 0 | 0 | | 0 | 0 | 0 |
| 11 | Kozhikode | 250000 | 0 | 50000 | 100000 | 45000 | 0 | 0 | 0 | | 0 | 0 | 0 |
| 12 | Kalpetta | 600000 | 0 | 400000 | 200000 | 105000 | 500000 | 25000 | 75000 | | 100000 | 100000 | 100000 |
| 13 | Mananthavady | 150000 | 50000 | 420000 | 200000 | 105000 | 500000 | 250000 | 25000 | 100000 | 100000 | 100000 | 100000 |
| 14 | Sulthan Bathery | 600000 | 0 | 400000 | 200000 | 105000 | 500000 | 250000 | 150000 | | 100000 | 100000 | 40000 |
| 15 | Kannur | 100000 | 0 | 100000 | 100000 | 105000 | 250000 | 125000 | 75000 | | 200000 | 100000 | 0 |
| 16 | Kasaragod | 400000 | 0 | 80000 | 0 | 45000 | 100000 | 0 | 125000 | | 0 | 0 | 0 |
| | **Total** | 4150000 | 325000 | 2320000 | 1680000 | 1020000 | 3350000 | 1125000 | 600000 | 300000 | 900000 | 900000 | 580000 |

| | Item wise | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Sl. No | Name of Office | DTP centre( Instead of Akshaya Centre) | Traditional cultivation | Wiring /repairing | Barber shop | bamboo craft works equipment | Candle unit | Duck farm/ Rabit/pig | Aluminium fabrication | Power trillerTractor | Aquarium | Cocount climber /Rock | Total Amt |
| | | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | | 23 | 24 |
| 1 | Nedumangad | | 0 | 50000 | 0 | 0 | 0 | 0 | 0 | 0 | | 0 | 745000 |
| 2 | Punalur | | 0 | 0 | 25000 | 25000 | 25000 | 40000 | 0 | 0 | | 0 | 625000 |
| 3 | Ranni | | 0 | 25000 | 0 | 0 | 0 | 0 | 25000 | 0 | | 0 | 550000 |
| 4 | Kanjirappally | | 0 | 25000 | 0 | 50000 | 50000 | 40000 | 0 | 0 | 30000 | 0 | 560000 |
| 5 | Idukki | - | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 0 | 1400000 |
| 6 | Moovattupuzha | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 0 | 550000 |
| 7 | Chalakkudy | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 0 | 770000 |
| 8 | Palakkad | | 0 | - 0 | 0 | 0 | 0 | 0 | 0 | 0 | | 0 | 825000 |
| 9 | Attapady | | 25000 | 0 | 25000 | 25000 | 0 | 0 | 0 | 0 | | 0 | 1825000 |
| 10 | Nilambur | 0 | 75000 | 0 | 0 | 0 | 0 | 0 | 0 | 0 | | 0 | 860000 |
| 11 | Kozhikode | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 6000 | 451000 |
| 12 | Kalpetta | 0 | 0 | 50000 | 0 | 25000 | 0 | 0 | 50000 | 0 | | 0 | 2330000 |
| 13 | Mananthavady | 0 | 25000 | 0 | 100000 | 0 | 0 | 0 | 25000 | 100000 | | 0 | 2350000 |
| 14 | Sulthan Bathery | 100000 | 0 | 0 | 0 | 0 | 0 | 40000 | 0 | 200000 | | 0 | 2785000 |
| 15 | Kannur | 0 | 0 | 250000 | 25000 | 0 | 50000 | 0 | 0 | 0 | | 24000 | 1504000 |
| 16 | Kasaragod | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 0 | 750000 |
| | Total | 100000 | 125000 | 400000 | 175000 | 125000 | 125000 | 120000 | 100000 | 300000 | 30000 | 30000 | 18880000 |

സെക്ഷൻ ഓഫീസർ